"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - തുറമുഖം യാഥാർഥ്യമാകുന്ന മുറക്ക് പാട്ടം പുനർനിശ്ചയിക്കും എന്ന വ്യവസ്ഥയിൽ, അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ, ഭൂമിയും മാട്ടൂൽ വില്ലേജിൽ 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി തുറമുഖം യാഥാർഥ്യമാകുന്നത് വരെ, നിബന്ധനകൾക്ക് വിധേയമായി, സൗജന്യനിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 5,81,559/- രൂപ വാർഷിക പാട്ടത്തിന് അനുവദിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.100/2026/RD തീയതി,തിരുവനന്തപുരം, 03-03-2026

---

പരാമർശം:- 1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30.05.2023-ലെ LR/3980/2022-LR(J10) നമ്പർ കത്ത്.

2 02.12.2023 -ലെ സ.ഉ (കൈ) നം.274/2023/റവ നമ്പർ ഉത്തരവ്

## ഉത്തരവ്

അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ വില്ലേജിൽപ്പെട്ട 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. അഴീക്കോട് നോർത്ത് വില്ലേജിൽ അപേക്ഷ ഭൂമിയോട് ചേർന്നുള്ള റീ.സ. 3/1c ൽ പെട്ട വസ്തുവിന്റെ ന്യായവില ആർ ഒന്നിന് 60,000/- രൂപയും മാട്ടൂൽ വില്ലേജിൽ അപേക്ഷ ഭൂമിയോട് ചേർന്നുള്ള റീ.സ. 396/1 ൽ വസ്തുവിന്റെ നിലവിലെ ന്യായവില ആർ ഒന്നിന് 66,000/- രൂപയുമാണ്. G.O.(MS) 96/2016/RD dated 06.02.2016 പ്രകാരം സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള 2% നിരക്കിൽ പാട്ടത്തുക കണക്കാക്കുമ്പോൾ കണ്ണൂർ ജില്ലയിലെ

അഴീക്കോട് നോർത്ത്, മാട്ടൂൽ വില്ലേജുകളിലായി കണ്ടെത്തിയിട്ടുള്ള 58.1559 ഹെക്ടർ വസ്തുവിന് 2,95,12,783/- രൂപ പാട്ടത്തുക നിശ്ചയിക്കാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

3. 1961 ലെ Survey & Boundaries Act സെക്ഷൻ 4 പ്രകാരം അഴീക്കോട് നോർത്ത്, മാട്ടൂൽ വില്ലേജുകളിലായി കണ്ടെത്തിയിട്ടുള്ള 58.1559 ഹെക്ടർ അൺസർവ്വേഡ് ലാൻഡ് സർവ്വേ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടതിനെ തുടർന്ന്, 1964-ലെ കേരള സർവ്വേയും അതിരടയാള ചട്ടം 59 പ്രകാരം സർവ്വേ നടപടികൾ പൂർത്തിയാക്കി പരാമർശം (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തുറമുഖം യാഥാർഥ്യമാകുന്ന മുറക്ക് പാട്ടം പുനർനിശ്ചയിക്കും എന്ന വ്യവസ്ഥയിൽ, അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ വില്ലേജിൽ 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി, മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24-ലെ സവിശേഷാധികാരം വിനിയോഗിച്ച്, തുറമുഖം യാഥാർഥ്യമാകുന്നത് വരെ, ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, സൗജന്യനിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 5,81,559/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിയോരായിരത്തി അഞ്ഞൂറ്റി അൻപത്തിയൊൻപത് രൂപ മാത്രം) വാർഷികപാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i.ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii.ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii.ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv.ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് (MIPSL) തന്നെ സംരക്ഷിച്ചുനിർത്തേണ്ടതാണ്;

v.ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ ജില്ലാ കലക്ടറുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi.ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

vii.മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്നപക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ കണ്ണൂർ ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

മത്സ്യബന്ധന തുറമുഖ വകുപ്പ് (20.11.2024-ലെ FandP-E1/10/2019-FandP-Part(1) പ്രകാരം)

ധനകാര്യ വകുപ്പ് (18.03.2025-ലെ EXP-D3/15/2025-FIN പ്രകാരം)

നിയമ വകുപ്പ് (24.01.2026-ലെ OPN-G2/3/2026-LAW പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (28.02.2026-ലെ ഇനം നം. 3753 മന്ത്രിസഭായോഗ തീരുമാനപ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
Date: 05-03-2026 14:07:51

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-02-2026

ഫയൽ നം. REV-L2/153/2019-REV. ഇനം നം: 3753

വിഷയം : റവന്യൂ വകുപ്പ് - അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ വില്ലേജിൽപ്പെട്ട 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പെടെ 58.1559 ഹെക്ടർ ഭൂമി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന് നിബന്ധനകൾക്ക് വിധേയമായി, പാട്ടത്തിന് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (b) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3753

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | REV-L2/153/2019-REV |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ വില്ലേജിൽപ്പെട്ട 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന് നിബന്ധനകൾക്ക് വിധേയമായി, പാട്ടത്തിന് നൽകുന്നത്-സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15.07.2025. |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്; മത്സ്യബന്ധന തുറമുഖ വകുപ്പ്, നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. അനു. എസ്. നായർ |

| | | |
|---|---|---|
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ വില്ലേജിൽപ്പെട്ട 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. കണ്ണൂർ ജില്ലയിലെ അഴീക്കോട് നോർത്ത്, മാട്ടൂൽ വില്ലേജുകളിലെ കടൽ പുറമ്പോക്ക് വസ്തുവിന്റെ വില നിർണ്ണയ റിപ്പോർട്ട്, കണ്ണൂർ ജില്ലാ കലക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അഴീക്കോട് നോർത്ത് വില്ലേജിൽ അപേക്ഷ ഭൂമിയോട് ചേർന്നുള്ള റീ.സ. 3/1C ൽ പെട്ട വസ്തുവിന്റെ ന്യായവില ആർ ഒന്നിന് 60,000/- രൂപയും മാട്ടൂൽ വില്ലേജിൽ അപേക്ഷ ഭൂമിയോട് ചേർന്നുള്ള റീ.സ. 396/1 ൽ വസ്തുവിന്റെ നിലവിലെ ന്യായവില ആർ ഒന്നിന് 66,000/- രൂപയുമാണ്. G.O.(MS) 96/2016/RD dated 06.02.2016 പ്രകാരം സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള 2% നിരക്കിൽ പാട്ടത്തുക കണക്കാക്കുമ്പോൾ കണ്ണൂർ ജില്ലയിലെ അഴീക്കോട് നോർത്ത്, മാട്ടൂൽ വില്ലേജുകളിലായി കണ്ടെത്തിയിട്ടുള്ള 58.1559 ഹെക്ടർ വസ്തുവിന് 2,95,12,783/- രൂപ പാട്ടത്തുക നിശ്ചയിക്കാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

3. 1961 ലെ Survey & Boundaries Act സെക്ഷൻ 4 പ്രകാരം അഴീക്കോട് നോർത്ത്, മാട്ടൂൽ വില്ലേജുകളിലായി കണ്ടെത്തിയിട്ടുള്ള 58.1559 ഹെക്ടർ അൺസർവ്വേഡ് ലാൻഡ്

സർവ്വേ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന്, 1964-ലെ കേരള സർവ്വേയും അതിരടയാള ചട്ടം 59 പ്രകാരം സർവ്വേ നടപടികൾ പൂർത്തിയാക്കി 02.12.2023 -ലെ സ.ഉ (കൈ) നം.274/2023/റവ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

4. അഴീക്കൽ തുറമുഖ വികസനത്തിനായി മലബാർ ഇന്റർനാഷണൽ പോർട്ട് ലിമിറ്റഡിന് കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ അംശം ദേശത്ത് 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി 2,95,12,783/- രൂപ വാർഷികപാട്ടത്തുകയ്ക്ക് (കമ്പോളവിലയുടെ 2% പാട്ടനിരക്കിൽ നിശ്ചയിച്ച്) വ്യവസ്ഥകൾക്ക് വിധേയമായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് ചുവടെപ്പറയുംവിധം അഭിപ്രായം നൽകിയിട്ടുണ്ട്.

"അഴീക്കൽ തുറമുഖ വികസനത്തിനായി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന് കണ്ണൂർ താലൂക്ക് അഴീക്കൽ നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ അംശം ദേശത്ത് 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി തുറമുഖ വകുപ്പിന് കൈമാറിനൽകണമെന്നും ടി ഭൂമി നോമിനൽ പാട്ടത്തിന്, ഹെക്ടറിന് 100/- രൂപ നിരക്കിൽ വാർഷിക പാട്ടത്തിന് മലബാർ ഇന്റർനാഷണൽ സീ പോർട്ട് & എസ്.ഇ.ഇസഡ് ന് കൈമാറി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും റവന്യൂ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു. ഇതിന് ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

5. ടി. വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"കണ്ണൂർ താലൂക്ക് അഴീക്കൽ നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ അംശം ദേശത്ത് 27.2759 ഹെക്ടർ ഭൂമി ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി അഴീക്കൽ തുറമുഖ വികസനത്തിനായി അഴീക്കൽ പോർട്ട് ലിമിറ്റിന് നിലവിലെ കമ്പോളവിലയുടെ 2 % വാർഷിക നിരക്കിൽ 10 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകുന്നു. കൂടാതെ 17/03/2018 തിയ്യതിയിലെ സ.ഉ(അച്ചടി) 44/2018/ധന, 08/03/2019 തീയതിയിലെ സ.ഉ(അച്ചടി)28/2019/ധന എന്നീ ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾ ഒഴിവാക്കി പാട്ടത്തുക കണക്കാക്കേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട്."

6. ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിൻ പ്രകാരം പാട്ടത്തുക കണക്കാക്കുകയും പതിവു ചട്ടങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായി കണ്ണൂർ ജില്ലയിലെ അഴീക്കോട് നോർത്ത്, മാട്ടൂൽ വില്ലേജുകളിലായി കണ്ടെത്തിയിട്ടുള്ള 58.1559 ഹെക്ടർ വസ്തുവിന് കമ്പോള വിലയുടെ 2% പാട്ടനിരക്കിൽ 2,67,66,405/- രൂപ (രണ്ട് കോടി അറുപത്തിയേഴുലക്ഷത്തി അറുപത്തിയാറായിരത്തി നാനൂറ്റിയഞ്ച് രൂപ മാത്രം) വാർഷികപാട്ടം നിശ്ചയിച്ച് 10 വർഷത്തേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിനു നൽകുന്നതിന് അനുമതി നല്കാവുന്നതാണോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. റവന്യൂ മന്ത്രിയ്ക്ക് ചംക്രമണം ചെയ്യു.

7. തുടർന്ന് ബഹു. റവന്യൂ വകുപ്പ് മന്ത്രി, തുറമുഖ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡിനു ഭൂമി സൗജന്യനിരക്കിൽ അനുവദിക്കണമെങ്കിൽ മന്ത്രിസഭയുടെ അനുമതി ആവശ്യമായതിനാൽ തുറമുഖം നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് പാട്ടതുക പുനർനിശ്ചയിക്കും എന്ന വ്യവസ്ഥയിൽ അത് വരെ സൗജന്യ നിരക്കിൽ ഭൂമി പാട്ടത്തിനു നൽകാവുന്നതാണെന്ന ശിപാർശയോട് കൂടി ബഹു, മുഖ്യമന്ത്രിക്ക് ഫയൽ ചംക്രമണം ചെയ്യുകയുണ്ടായി. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

8. തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ഈ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം കൂടി വാങ്ങി സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവായി. നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കൽ നോർത്ത് വില്ലജിൽപ്പെട്ട 30.88 ഹെക്ടർ കടൽ പുറമ്പോക്ക് ഭൂമിയും മാട്ടൂൽ വില്ലേജിൽപ്പെട്ട 27.2759 ഹെക്ടർ കടൽ പുറമ്പോക്ക് ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ്സ് ലിമിറ്റഡിന് പാട്ടത്തിന് നല്കുന്നതിന്മേൽ അഭിപ്രായത്തിനായാണ് ഫയൽ നിയമ വകുപ്പിന് ലഭ്യമാക്കിയിരിക്കുന്നത്.

അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കൽ നോർത്ത് വില്ലജിൽപ്പെട്ട സർവ്വേ ചെയ്യാത്ത 30.88 ഹെക്ടർ കടൽ പുറമ്പോക്ക് ഭൂമിയും മാട്ടൂൽ വില്ലേജിൽപ്പെട്ട 27.2759 ഹെക്ടർ കടൽ പുറമ്പോക്ക് ഭൂമിയും പതിച്ച് കിട്ടുന്നതിനായി

മലബാർ ഇന്റർനാഷണൽ പോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ 14.07.2022 ലെ MIPSL/Land-Ps/2022-23/511 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അഴീക്കൽ തുറമുഖ വികസനത്തിനായി മലബാർ ഇന്റർനാഷണൽ പോർട്ട് ലിമിറ്റഡിന് കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂമി അഴീക്കൽ നോർത്ത്, മാട്ടൂൽ വില്ലേജിൽപ്പെട്ട ഭൂമി കടലിനോട് ചേർന്ന് കിടക്കുന്ന തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയാണ്. ആയതിൽ താലൂക്ക് മാട്ടൂൽ അംശം ദേശത്ത് സർവ്വേ ചെയ്യാത്ത 27.2759 ഹെക്ടർ ഭൂമി കടലിനോട് ചേർന്ന് കിടക്കുന്നതാണ്. ഈ ഭൂമിയുടെ പടിഞ്ഞാറ് അറബിക്കടലും തെക്ക് വളപട്ടണം പുഴയും വടക്ക് കടൽ ഭൂമിയും കിഴക്ക് പഞ്ചായത്ത് റോഡും സ്വകാര്യ വ്യക്തികളുടെ സ്ഥലവുമാണ്. ആയതിൽ താൽക്കാലിക നമ്പർ ലഭിച്ച വീടുകളും ഉണ്ട്. മേൽ പറഞ്ഞ ഭൂമി കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി അഴീക്കൽ നോർത്ത് വില്ലേജിൽപ്പെട്ട സർവ്വേ ചെയ്യാത്ത 30.88 ഹെക്ടർ ഭൂമിയും ആണ് കൈമാറേണ്ടത്. പ്രസ്തുത ഭൂമിയുടെ പടിഞ്ഞാറ് ഭാഗം അറബിക്കടലും തെക്ക് വടക്ക് ഭാഗങ്ങളിൽ പുറമ്പോക്ക് ഭൂമിയും കിഴക്ക് കടൽ പുറമ്പോക്ക് ഭൂമിയുമാണ്. അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമി തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന കടൽപുറമ്പോക്ക് ഭൂമിയാണ്. ടി ആവശ്യത്തിനായി ഇത്തരം ഭൂമി പതിവ്/പാട്ടം നൽകുന്നത് സംബന്ധിച്ച് നിലവിലെ ഭൂപതിവ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്നില്ല എന്നും സർക്കാരിന്റെ തുറമുഖ വകുപ്പാണ് അഭ്യർത്ഥന നടത്തിയിരുന്നെങ്കിൽ ടി പ്രദേശം സൗജന്യമായി കൈമാറി നൽകാമായിരുന്നു എന്നും അഭ്യർത്ഥന നടത്തിയിട്ടുള്ളത് ഒരു കമ്പനിയായതിനാൽ ഭൂമി

സൗജന്യമായി കൈമാറി പതിച്ച നൽകുന്നത് അഭികാമ്യമായിരിക്കില്ല എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിലവിൽ കേരള സർക്കാർ സംരംഭമായി മലബാർ ഇന്റർനാഷണൽ പോർട്ട് &എസ്.ഇ. ഇസഡ്. ലിമിറ്റഡ് എന്ന കമ്പനിയാണ് സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളത് എന്നതിനാൽ ടി സ്ഥലം സർക്കാർ ഉചിതമെന്നു നിശ്ചയിക്കുന്ന നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകാവുന്നതാണ്. ആയതിനാൽ 1964 ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാർ തലത്തിൽ തീരുമാനമെടുക്കാം എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

അഴീക്കോട് നോർത്ത് വില്ലേജിൽ അപേക്ഷ ഭൂമിയോട് ചേർന്നുള്ള റീ.സ. 3/1C ൽ പെട്ട വസ്തുവിന്റെ ന്യായവില ആർ ഒന്നിന് 60,000/- രൂപയും മാട്ടൂൽ വില്ലേജിൽ അപേക്ഷ ഭൂമിയോട് ചേർന്നുള്ള റീ.സ. 396/1 ൽ വസ്തുവിന്റെ നിലവിലെ ന്യായവില ആർ ഒന്നിന് 66,000/- രൂപയുമാണ്. G.O.(MS) 96/2016/RD dated 06.02.2016 പ്രകാരം സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള 2% നിരക്കിലും ആയതിനൊപ്പം G.O.(P)44/2018/Fin dated 17.03.2018, G.O.(P)28/2019/Fin dated 08.03.2019 എന്നീ ഉത്തരവുകൾ പ്രകാരമുള്ള 5% വീതമുള്ള വർദ്ധനവുകൾ കൂട്ടിയും കണ്ണൂർ ജില്ലയിലെ അഴീക്കോട് നോർത്ത്, മാട്ടൂൽ വില്ലേജുകളിലായി കണ്ടെത്തിയിട്ടുള്ള 58.1559 ഹെക്ടർ വസ്തുവിന് 2,95,12,783/- രൂപ പാട്ടത്തുക നിശ്ചയിക്കാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തു. എന്നാൽ കണ്ണൂർ താലൂക്ക് അഴീക്കൽ നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ അംശം ദേശത്ത് 27.2759 ഹെക്ടർ ഭൂമി ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി അഴീക്കൽ തുറമുഖ വികസനത്തിനായി അഴീക്കൽ പോർട്ട്

ലിമിറ്റിന് നിലവിലെ കമ്പോളവിലയുടെ 2 % വാർഷിക നിരക്കിൽ 10 വർഷത്തേയ്ക്ക് പാട്ടത്തിന് നല്കുന്നതിന് അനുമതി നൽകുന്നു. കൂടാതെ 17/03/2018 തിയ്യതിയിലെ സ.ഉ(അച്ചടി) 44/2018/ധന, 08/03/2019 തിയ്യതിയിലെ സ.ഉ(അച്ചടി)28/2019/ധന എന്നീ ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾ ഒഴിവാക്കി പാട്ടത്തുക കണക്കാക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതാണ്. 1964 ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 24 ലെ സവിശേഷാധികാരം വിനിയോഗിച്ച് തുറമുഖം യാഥാർത്ഥ്യമാകുന്നതുവരെ നിബന്ധനകൾക്ക് വിധേയമായി സൗജന്യനിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 5,81,859/- വാർഷിക പാട്ടത്തിനു നല്കുന്നതിനായാണ് ഭരണ വകുപ്പ് കരട് മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് സമർപ്പിച്ചിട്ടുള്ളത്.

1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിൽ **ചട്ടം 13A** പ്രകാരം മറൈൻ ആവശ്യങ്ങൾക്കായി തുറമുഖവകുപ്പിന് റവന്യൂ വകുപ്പുമായി കൂടിയാലോചന നടത്തിയശേഷം **തുറമുഖ പരിധിക്കുള്ളിൽ വരുന്ന സ്ഥലങ്ങൾ പാട്ടത്തിനു നൽകുകയോ ലൈസൻസിന് നൽകുകയോ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.** ടി ചട്ടത്തിലെ കുറിപ്പിൽ മറൈൻ ആവശ്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ പരിധിയിൽ ഉൾപ്പെടാത്ത സംഗതിയിൽ ഗവൺമെന്റിന് സമയാസമയങ്ങളിൽ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മറ്റാവശ്യങ്ങൾക്കും ടി ചട്ടത്തിലെ ചട്ടം 13 (viii) പ്രകാരം സർക്കാരിന് ഭൂമി പാട്ടത്തിന് നൽകാവുന്നതാണ്. അതതുസംഗതികളിൽ പാട്ടത്തിനോ ലൈസൻസിനോ നൽകുന്ന ഭൂമിയ്ക്കും അതിൽ വൃക്ഷങ്ങൾ നിൽപ്പുണ്ടെങ്കിൽ അതിനും ഗവൺമെന്റ് ഉത്തരവ് മുഖേന

സമയാസമയങ്ങളിൽ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള നിരക്കിൽ വാടക ചുമത്തേണ്ടതാണ് എന്ന് ടി ചട്ടത്തിലെ ചട്ടം 18-ൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, ചട്ടം 14(6)-ൽ ചട്ടം 13A (2) പ്രകാരം പാട്ടമോ ലൈസൻസോ അനുവദിച്ചത് ചട്ടം 16 പ്രകാരം തഹസ്സിൽദാരാണെങ്കിൽ 2 വർഷം പാട്ടക്കാലാവധിയും പാട്ടം നല്കുന്ന ഭൂമിയുടെ അളവ് പരമാവധി 3 acres-ഉം ആയി നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ, RDO ആണ് പാട്ടമോ ലൈസൻസോ അനുവദിക്കുന്നതെങ്കിൽ, ഇത് 5 വർഷമെന്നും പാട്ടം നല്കുന്ന ഭൂമിയുടെ അളവ് പരമാവധി 5acres എന്നും District Collector ആണ് അനുവദിക്കുന്നതെങ്കിൽ, ഇത് 10 വർഷം പാട്ടക്കാലാവധിയും പാട്ടം നല്കുന്ന ഭൂമിയുടെ അളവ് പരമാവധി 10 acres എന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പാട്ടത്തിനുള്ള വാടക നിശ്ചയിച്ച് കൊണ്ട് 06/02/2016 തീയതിയിലെ സ.ഉ (എം എസ്) 96/2016/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പൊതു ആവശ്യങ്ങൾക്കായി ഭൂമി പതിച്ചു നൽകുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡം സംബന്ധിച്ച് സർക്കാർ 27/07/2011 തീയതിയിലെ GO(MS) 280/2011/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിലെ ഖണ്ഡിക 7-ൽ പാട്ടവാടക 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കേണ്ടതാണ് എന്ന് പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ ടി ഉത്തരവിലെ ഖണ്ഡിക 8 ൽ " The land may be leased on a nominal rent only in exceptional cases where land is put to a non commercial use or for providing basic services to the public. The nominal lease rent is fixed at Rs 100/- per are per annum " എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. വാണിജ്യേതര ആവശ്യങ്ങൾക്കും പൊതു ജനങ്ങൾക്ക് അടിസ്ഥാന സൗകര്യം നൽകുന്ന

സേവനങ്ങൾക്കും മാത്രമേ ടി വ്യവസ്ഥ ബാധകമാക്കുവാൻ സാധിക്കുകയുള്ളൂ. കണ്ണൂർ ജില്ലയിലെ അഴീക്കോട് നോർത്ത്, മാട്ടൂൽ വില്ലേജുകളിലെ കടൽ പുറമ്പോക്ക് ഏറ്റെടുത്തുകൊണ്ട് അഴീക്കൽ തുറമുഖ വികസനം കൊണ്ട് ഉദ്ദേശിക്കുന്നത് വ്യവസായ ആവശ്യങ്ങൾക്കും കൂടിയാണ് എന്നതിനാൽ 27/07/2011 തീയതിയിലെ GO(MS) 280/2011/RD ഉത്തരവിലെ ഖണ്ഡിക 8 ലെ വ്യവസ്ഥ ബാധകമാക്കുവാൻ സാധിക്കുകയില്ല. 06/02/2016 തീയതിയിലെ സ.ഉ (എം എസ്) 96/2016/RD ഉത്തരവിലെ ഖണ്ഡിക 7(i) മുതൽ (iii) വരെ വാണിജ്യ ആവശ്യങ്ങൾക്കു മാത്രം ഉദ്ദേശിച്ചുകൊണ്ട് സ്ഥാപനങ്ങൾക്കു പാട്ടത്തിന് നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പാട്ട വാടക നിർണ്ണയിച്ചിട്ടുള്ളതാണ്. അഴീക്കൽ നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ അംശം ദേശത്ത് 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി തുറമുഖ വികസനത്തിനായി അഴിക്കൽ പോർട്ട് ലിമിറ്റഡിന് നിലവിലെ കമ്പോള വിലയുടെ 2% വാർഷിക നിരക്കിൽ 10 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിനും 17/03/2018 ലെ സ.ഉ(അച്ചടി) 44/2018/ധന ,08/03/2019 ലെ സ.ഉ(അച്ചടി)28/2019/ധന എന്നീ ഉത്തരവുകൾ പ്രകാരമുള്ള വർദ്ധവ് ഒഴിവാക്കികൊണ്ട് പാട്ടത്തുക കണക്കാക്കുവാൻ ധനകാര്യവകുപ്പ് നോട്ട് # 181 ൽ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ധനകാര്യവകപ്പ് നോട്ട് # 181 ൽ അഭിപ്രായം നൽകിയതു പ്രകാരം പാട്ടവാടക നിർണ്ണയിക്കുന്നതാകും ഉചിതമെന്ന് കാണുന്നു. എന്നാൽ 1964 ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം " ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗവൺമെന്റിന് പൊതുതാത്പര്യപ്രകാരം അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് കാണുന്നപക്ഷം ഈ ചട്ടങ്ങളിൽ

അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പരിഗണിക്കാതെയും അതിനു ചുമത്താവുന്ന ഏതെങ്കിലും വ്യവസ്ഥകൾ ചുമത്തികൊണ്ടും ഭൂമി പതിച്ചു നൽകാവുന്നതാണ്." അതിനാൽ തുറമുഖ വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം സൗജന്യ നിരക്കിൽ പാട്ടത്തിന് അനുവദിക്കാൻ ഉദ്ദേശിക്കുന്നപക്ഷം, 1964 ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ **ചട്ടം 24-ലെ സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ച്** ഭരണ വകുപ്പിന് ഉചിത തീരുമാനം കൈകൊള്ളാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

9. ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

a) അഴീക്കൽ തുറമുഖ വികസനം കൊണ്ട് ഉദ്ദേശിക്കുന്നത് വ്യവസായ ആവശ്യങ്ങൾക്കും കൂടിയാണ് എന്നതിനാൽ 27.07.2011-ലെ സ.ഉ (കൈ) 280/2011/RD ഉത്തരവിലെ ഖണ്ഡിക (8)ലെ വ്യവസ്ഥ ഈ കേസിൽ ബാധകമാകാത്ത സാഹചര്യത്തിൽ, അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ വില്ലേജിൽ 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി, മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, നിലവിലെ കമ്പോളവിലയുടെ 2 % വാർഷികനിരക്കിൽ 10 വർഷത്തേക്ക് 2,67,66,405/- രൂപ (രണ്ട് കോടി അറുപത്തിയേഴലക്ഷത്തി അറുപത്തിയാറായിരത്തി നാനൂറ്റിയഞ്ച് രൂപ മാത്രം) വാർഷികപാട്ടത്തിന് അനുവദിക്കാവുന്നതാണോ?

**അതോ**

b) തുറമുഖം യാഥാർത്ഥ്യമാകുന്ന മുറക്ക് പാട്ടം പുനർനിശ്ചയിക്കും എന്ന വ്യവസ്ഥയിൽ, അഴീക്കൽ തുറമുഖ വികസനത്തിനായി കണ്ണൂർ താലൂക്ക് അഴീക്കോട് നോർത്ത് വില്ലേജിൽപ്പെട്ട 30.88 ഹെക്ടർ ഭൂമിയും മാട്ടൂൽ വില്ലേജിൽ 27.2759 ഹെക്ടർ ഭൂമിയും ഉൾപ്പടെ 58.1559 ഹെക്ടർ ഭൂമി, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിന് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24-ലെ സവിശേഷാധികാരം വിനിയോഗിച്ച്, തുറമുഖം യാഥാർത്ഥ്യമാകുന്നത് വരെ, ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, സൗജന്യനിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 5,81,559/- രൂപ വാർഷികപാട്ടത്തിന് നല്കാവുന്നതാണോ?

<u>നിബന്ധനകൾ</u>

i.ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii.ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii.ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv.ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് (MIPSL) തന്നെ സംരക്ഷിച്ചുനിർത്തേണ്ടതാണ്;

v.ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ ജില്ലാ കലക്ടറുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi.ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

vii.മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്നപക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.